# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 210. 10.12.2012 ന് മറുപടിയ്ക്ക്.

## ആന ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആന ഇടഞ്ഞുണ്ടാകുന്ന അപകടങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആന ഇടഞ്ഞുണ്ടാകുന്ന 10 (പത്ത്) അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1. കൊല്ലം - 2<br>2. കോഴിക്കോട് - 1<br>3. പാലക്കാട് - 4<br>4. തൃശ്ശൂർ - 3<br>ആകെ - 10 (പത്ത്). |
| (ബി) പ്രസ്തുത സംഭവങ്ങൾ ഉണ്ടാകുമ്പോൾ ആർക്കെതിരെയാണ് കേസ് എടുക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) ആന ഉടമസ്ഥനും ആനപ്പാപ്പാനും എതിരെയാണ് സാധാരണ കേസ് എടുക്കുന്നത്. നാട്ടാന പരിപാലന ചട്ടപ്രകാരം ഉത്സവക്കമ്മിറ്റിക്കാർക്കെതിരെയും കേസെടുക്കാറുണ്ട്. |
| (സി) പ്രസ്തുത സംഭവങ്ങളിൽ അപകടമോ നാശനഷ്ടമോ സംഭവിക്കുന്നവർക്ക് യഥാസമയം നഷ്ട പരിഹാര തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഇത്തരം അപകടങ്ങളിൽ വനം വകുപ്പ് നഷ്ടപരിഹാരം നൽകാറില്ല. |

സെക്ഷൻ ഓഫീസർ